"ഭരണഭാഷ – മാതൃഭാഷ"

**വളരെ അടിയന്തിരം**

# വ്യാവസായിക പരിശീലന വകുപ്പ്
**(കേരള സംസ്ഥാനം)**

നമ്പർ: ജി1/18700/16

ചാക്ക, തിരുവനന്തപുരം
തീയതി: 30.12.2016

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2017 – ഒന്നാം സെമസ്റ്റർ (റഗുലർ) – ആഗസ്റ്റ് 2016 ൽ അഡ്മിഷനായ ട്രെയിനികളുടെ വിവരങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യണമെന്ന നിർദ്ദേശം – സംബന്ധിച്ച്.

----------

ആഗസ്റ്റ് 2016 – അഡ്മിഷൻ, ഫെബ്രുവരി 2017 ൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന് റഗുലർ ആയി ഒന്നാം സെമസ്റ്റർ പരീക്ഷ എഴുതുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആഗസ്റ്റ് 2016 ൽ അഡ്മിഷനായ ട്രെയിനികളുടെ ഡാറ്റകൾ എം.ഐ.എസ്. പോർട്ടലിൽ നിന്ന് ലഭ്യമാകാത്തതിനാൽ ഐ.ടി.ഡി. പോർട്ടലിൽ ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിനായി ഉൾപ്പെടുത്തിയിരുന്നില്ല.

ആഗസ്റ്റ് 2016 ൽ അഡ്മിഷനായ ട്രെയിനികളുടെ വിവരങ്ങൾ ഇപ്പോൾ www.itdkerala.org എന്ന പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ സ്ഥാപന മേധാവികളും പരീക്ഷ എഴുതുന്നതിന് അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ വിവരങ്ങൾ ടി പോർട്ടലിൽ ഓൺലൈനായി 4-01-2017 നകം രേഖപ്പെടുത്തേണ്ടതും ഓൺലൈനായി രേഖപ്പെടുത്തിയതിന്റെ പ്രിന്റ് ഔട്ട് 5-01-2017 നകം ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. യിൽ എത്തിക്കേണ്ടതുമാണ്. ഈ പ്രിന്റൗട്ടിലുള്ള പേരുകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷയുമായി ഒത്തുനോക്കി പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം കവറിംഗ് ലെറ്റർ സഹിതം 7-01-2017 നകം പരീക്ഷാ സെക്ഷനിൽ ലഭ്യമാക്കേണ്ടതാണ്. എം.ഐ.എസ് പോർട്ടലിൽ രജിസ്റ്റർ ചെയ്താൽ മാത്രമേ ട്രെയിനികൾക്ക് ഹാൾടിക്കറ്റ് ലഭിക്കുകയുള്ളൂ എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

എല്ലാ ഗവ./എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./
സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/31.12